കേരള സർക്കാർ

# പാലക്കുഴ ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം (പി.9)1883/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email :- doekm.ksad@kerala.gov.in

തീയതി :24/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :പാലക്കുഴ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം (പി.9)1883/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email :- doekm.ksad@kerala.gov.in

തീയതി :24/10/2017

## എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 23.12.2016 മുതൽ14.9.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, പണം ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 12 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.09.2017 മുതൽ 25.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. റസിയാബീവീ ജെ. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജലജ എം.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജോമോൾ എം.ജോണി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോഷി സ്കറിയ | 1.4.2016 മുതൽ 31.3.2017 വരെ |
| വൈസ് പ്രസിഡന്റ് | ആലീസ് ഷാജു | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി.കെ.അനിമോൾ | 1.4.2016 മുതൽ 28.4.2016 വരെ |
| | | 19.5.2016 മുതൽ 19.7.2016 FN വരെ |
| | ശ്രീ.പി എൻ രാജു | 29.4.2016 മുതൽ 18.5.2016വരെ |
| | ശ്രീ.എം.വി.അജയകുമാർ | 19.7.2016 FN മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.എൻ.രാജു | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റോസിലി തോമസ് | 1.4.2016മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബോസ് മാത്യു | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷിബു സി.തങ്കച്ചൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജോമി ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രഞ്ജിനി എസ്. | 1.4.2016 മുതൽ 6.8.2016 വരെ |
| | ഡോ.ദീപ്തി കെ.എച്ച്. | 7.8.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ഗിരീഷ് പി. | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ. (പാലക്കുഴ) | ശ്രീ.അനിൽ കെ.ജോസ് | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ. (കരിമ്പന) | ശ്രീ.അനിൽ കെ.ജോസ് | 1.4.2016 മുതൽ 30.11.2016 വരെ |
| | ശ്രീ.മനേഷ് എസ്.എസ്. | 1.12.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഗീതാഞ്ജലി | 1.4.2016 മുതൽ 6.9.2016 വരെ |
| | ശ്രീ.രാഗേഷ് എം. | 7.9.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്യാമള പി.എൻ. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ, യു.പി.എസ് | ശ്രീമതി.മേരി കെ.വി. | 1.4.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം2 | |
| 12 | വസ്തുനികുതി -അപാകങ്ങൾ | 2-1 |
| 13 | ഡീ ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-2 |
| 14 | പെർമിറ്റ്-അപാകങ്ങൾ | 2-3 |
| 15 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫാറ വില പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-4 |
| 16 | അക്കൗണ്ട്സ് -അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 17 | ഫർണീച്ചർ ,ഉപകരണങ്ങൾ വാങ്ങൽ -വിതരണ രേഖകൾ പൂർണ്ണമല്ല | 3-1 |
| 18 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് -അപാകതകൾ | 3-2 |
| 19 | മരുന്ന് മുഴുവനും ലഭ്യമായില്ല | 3-3 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 30 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |

| | | |
|---|---|---|
| 31 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 32 | റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.2016 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു. വിവരങ്ങൾ താഴെ ചേർക്കുന്നു

| ബജറ്റ് പ്രകാരം | | വാർഷികകണക്കുകൾ പ്രകാരം | |
|---|---|---|---|
| വരവ് | ചെലവ് | വരവ് | ചെലവ് |
| 262892500 | 258876200 | 32015473 | 30514282 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ ഉള്ള യഥാക്രമം 12173414/- രൂപയുടെയും 20902070/- രൂപയുടെയും വരവുചെലവുകൾ മേൽ കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള വരവുചെലവുകൾ നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 17.6.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ചില അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.വിശദാംശങ്ങൾ ഖണ്ഡിക 2- 5ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8692616 |
| വരവ് | 32015473 |
| ആകെ | 40708089 |
| ചെലവ് | 30514282 |
| നീക്കിയിരിപ്പ് | 10193807 |

# 1-5 ഫണ്ട് വിനിയോഗം

| മുൻബാക്കി | മുന്നിരിപ്പ് | അലോട്ട്മെന്റ് | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ബാക്കിയായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6777651 | 6355311 | 6355311 | 6355311 | 422340 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 1545609 | 1515694 | 1515694 | 1515694 | 29913 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7845 | 7845 | 7845 | 7845 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6314205 | 4711281 | 4711281 | 4711281 | 1602924 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2004230 | 2004230 | 2004230 | 550525 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3801771 | 3044586 | 3044586 | 3044586 | 757185 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 1492 | - | 12855644 | 12857136 | 12856058 | | 1078 |
| ബി ഫണ്ട് | - | - | 21034070 | 21034070 | 21034070 | | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമാ | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | യിനടപ്പാക്കി യത് (എണ്ണം) | ക്കാത്തവ എണ്ണം | കരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 126 | 31343427 | 98 | 19891244 | 4 | 24 | 63.46 |

.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 19 | 4868090 | 3587498 | 73.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 2609320 | 1421770 | 54.49 |
| ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്. | 1 | 1 | 26700 | 26700 | 100 |
| വി.ഇ.ഒ. | 12 | 9 | 5597641 | 3202050 | 57.20 |
| കൃഷി ഓഫീസർ | 3 | 3 | 500729 | 342229 | 68.35 |
| വെറ്ററിനറി സർജ്ജൻ | 2 | 1 | 75000 | 50000 | 66.67 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | 463000 | 463000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 2158772 | 1542531 | 71.45 |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | 2 | 2 | 75000 | 75000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 395485 | 395485 | 100 |
| അസി.എഞ്ചിനിയർ | 58 | 39 | 14093690 | 8304981 | 58.93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 480000 | 480000 | 100 |
| ആകെ | 126 | 98 | 31343427 | 19891244 | 63.46 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.29 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18,59,307 | 27,03,872 | (+)8,44,565 | 45.42 |
| നികുതിയേതര വരവുകൾ | 3,96,472 | 4,43,871 | (+)47,399 | 11.95 |
| മറ്റുവരവുകൾ | 67,815 | 65,637 | (-)2,178 | 3.21 |
| ആകെ | 23,23,594 | 32,13,380 | 8,89,786 | 38.29 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 72000 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 2535410 | 273 |
| വിധവപെൻഷൻ | 4876450 | 441 |
| വാർദ്ധക്യകാലപെൻഷൻ | 11854595 | 935 |
| വികലാംഗപെൻഷൻ | 1172975 | 117 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |
| 50വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള സഹായം | 462640 | 51 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3583/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസ് അനുവദിച്ച പല അപേക്ഷകളിൽ അവശ്യം ഹാജരാക്കേണ്ട രേഖകളുടെ അഭാവത്തിലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

. ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

. വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്. സാംഖ്യയിൽ ചേർത്തിരിക്കുന്ന വസ്തുനികുതി കുടിശ്ശിക ഡിമാൻറ് തുകയും താമസത്തിനല്ലാതെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയും സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

. മിനിട്ട്സ് ബുക്ക് എഴുതി പൂർണ്ണമാക്കിയിട്ടില്ല. ഒക്ടോബർ 2016 വരെയുള്ള വിവരങ്ങൾ മാത്രമേ എഴുതിയിട്ടുള്ളു. മിനിട്സ് ബുക്ക് എഴുതി പൂർണ്ണമാക്കി ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 29.8.2017 | 2017 ജൂലൈ | 9/2017 |
| അക്കൗണ്ടന്റ് ജനറൽ | 15.2.2014 മുതൽ 1.3.2014 വരെ | 2008-09 മുതൽ 2012-13 വരെ | 15.5.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകങ്ങൾ

(1) തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിശ്ചയിച്ചതു മൂലം വസ്തുനികുതി നഷ്ടം

മെസ്സേർസ് വോഡഫോൺ എന്ന പേരിലുള്ള മൊബൈൽ ടവർ(5/84) ബങ്കുകൾ എന്ന ഉപയോഗക്രമത്തിൽ സഞ്ചയയിൽ ചേർത്തതുമൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. പ്രസ്തുത കെട്ടിടത്തിന് 4.9 ച.മീ. വിസ്തീർണ്ണമുണ്ട്. മൊബൈൽ ടവറിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ. ന് 500/- രൂപയും ബങ്കുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 30/- രൂപയുമാണ്.എന്നാൽ പ്രസ്തുത കെട്ടിടത്തിന് ARV അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്ന വസ്തുനികുതി 1296/- രൂപ ആയിരുന്നു. ആയതിന്റെ 25% വർദ്ധനവ് വരുത്തി 1620/- രൂപയാണ് വസ്തുനികുതിയായി നിർണ്ണയിച്ചിരിക്കുന്നത് എന്നാൽ മൊബൈൽ ടവറായി വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ 2940/-രൂപയാണ്

വസ്തുനികുതി ((4.9*500+20%വർദ്ധനവ്)). ഇപ്രകാരം തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ നഷ്ടമായ 1320/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

(2) <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതു മൂലം നഷ്ടം</u>

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പല കടമുറികളായി വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്താതെ ആയത് ഒന്നായി കണക്കാക്കി നികുതി നിർണയം നടത്തേണ്ടതാണ്.

പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 23-09-11ലെ വിജ്ഞാപനം നം.എ2-2755/2011 പ്രകാരം 100 ചതുരശ്ര മീറ്ററിന് താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 30/ രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ്, കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തൃതി(ച. മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പ ടെ (ച.മീ.ന് രൂപനിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന – ഇളവ് ഉൾപ്പടെ (ച.മീ.ന് രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| സാബു വർഗീസ് | 1/232c | 59.07 | 2127 | 3544 | 1417 |
| | 1/232 D1 | 89.62 | 3227 | 5377 | 2150 |
| | 1/232 E1 | 32.52 | 1171 | 1951 | 780 |
| | 1/232 G | 25.39 | 915. | 1523 | 608 |
| | 1/232 H | 41.13 | 1481 | 2468 | 987 |
| | 1/232 F | 8.66 | 312 | 520 | 208 |
| | 1/232 I | 28.89 | 1041 | 1733 | 692 |
| അജി ഫിലിപ്പ് | 11/375 D | 21.02 | 720 | 1198 | 478 |
| | 11/375 E | 21.02 | 720 | 1198 | 478 |
| | 11/375 F | 21.02 | 720 | 1198 | 478 |
| | 11/375 G | 42.04 | 1439 | 2396 | 957 |

മേൽസൂചിപ്പിച്ച പ്രകാരം കെട്ടിടനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/19.9.2017) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 100 ചതുരശ്രമീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്നാണ് രേഖപ്പെടുത്തിയതെന്നും ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കിലാണ് സോഫ്റ്റ്‌വെയറിൽ വസ്തുനികുതി നിർണ്ണയിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത കടമുറികളുടെ നികുതി നിർണ്ണയിച്ചപ്പോൾ 100ചതുരശ്രമീറ്ററിൽമുകളിലുള്ള കെട്ടിടമായി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താതിരുന്നതുമൂലമാണ് ഇപ്രകാരം തെറ്റായി നികുതി നിർണ്ണയിച്ചത്. ആയതിനാൽ സമാനമായ രീതിയിൽ നികുതി നിർണ്ണയംനടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

2016-17 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് എടുത്തിരിക്കുന്നത് 120 സ്ഥാപനങ്ങളാണ്. എന്നാൽ 2016-17 വരെ പഞ്ചായത്തിൽ നിന്നും വാണിജ്യവ്യവസായിക ആവശ്യങ്ങൾക്കായി പണിത് അസസ്മെന്റ് നടത്തിയിട്ടുള്ളത് 583 കെട്ടിടങ്ങളാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾ | 510 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾ | 2 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾ | 1 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ,കമ്പ്യൂട്ടർ സെന്റർ | 1 |
| വ്യവസായികാവശ്യത്തിനുള്ളവ | 50 |
| ഇതര വ്യവസായികാവശ്യത്തിനുള്ളവ | 19 |
| | 583 |

ലൈസൻസില്ലാതെയാണ് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് എന്നാണ് ഇതിൽ നിന്ന് മനസിലാക്കാനാകുന്നത്. ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.3) മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടേയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## ക്വാറിലൈസൻസ് – രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തീക വർഷത്തിൽ വിവിധ കരിങ്കൽ ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചത് അവശ്യം വേണ്ട രേഖകൾ ഇല്ലാതെയാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | ഖനനം നടത്തുന്ന വില്ലേജ്/ | ലൈസൻസ് ലഭിച്ചതിന്റെ വിവരങ്ങൾ | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | സ്ഥലത്തിന്റ സർവ്വേ നമ്പർ | | |
| 3 | പ്രിൻസ് പോൾ ജോൺ | പാലക്കുഴ 80/2-1 | എ2-38/2016-17 | ഖനനം നടത്തേണ്ടത് ലൈസൻസ് ഉള്ള ഷോട്ട്ഫയറുടെ സാന്നിദ്ധ്യത്തിലാണ്. എന്നാൽ മറ്റൊരു ക്വാറിയിൽ ഖനനത്തിന് മേൽനോട്ടം നൽകുന്ന വ്യക്തിയായ ശ്രീ.ടോം ജോർജ്, കീപ്പാറയിൽ -ന്റെ ഷോട്ട്ഫയറർ ലൈസൻസ് തന്നെയാണ് ലൈസൻസ് അനുവദിച്ച ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. |

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട്നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4)നൽകിയ മറുപടിയിൽ ആയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല. ഒരേ സമയം രണ്ടു ക്വാറികളിൽ ഖനനത്തിന് മേൽനോട്ടം നൽകുവാൻ സാധിക്കുകയില്ല എന്നതിനാൽ ഷോട്ട്ഫയറുടെ സാന്നിദ്ധ്യമില്ലാതെയാണ് പ്രസ്തുത ക്വാറിയിൽ കരിങ്കൽ ഖനനം നടത്തിയിരിക്കുന്നത് .ലൈസൻസ് അനുവദിക്കുമ്പോൾ അവശ്യം വേണ്ട എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 പെർമിറ്റ് - അപാകങ്ങൾ

പെർമിറ്റിന്റെ പരിശോധനയിൽ ചില അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

| പേര് | പെർമിറ്റ് നം | കെട്ടിടം/ലാൻഡ് ഡവലപ്മെന്റ് പെർമിററ് | അപാകങ്ങൾ |
|---|---|---|---|
| ജിൽ ജോണി | നം.എ2-2423/11 /2016-17 /22.11.2016 | കെട്ടിടം-വാണിജ്യം | കെട്ടിടത്തിന്റ ലേഔട്ട് അംഗികരിച്ചു നൽകിയ സീനിയർ ടൗൺ പ്ലാനറുടെ ഉത്തരവിൽ ഡി.എം.ഒ,പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും നിരാക്ഷേപപത്രം വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് ഫയലിൽ ചേർത്തിട്ടില്ല.കൂടാതെ പെർമിറ്റ് നൽകുന്നത് സംബന്ധിച്ച എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ഇല്ല. |
| ജിജി പറപ്പാട്ട് | നം.എ2-2423/11 /2016-17 /25.10.2016 | ലാൻഡ് ഡവലപ്മെന്റ് | മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഇല്ല. |

| | | | |
|---|---|---|---|
| കെ.ആർ. രാഘവൻ | നം.എ2-1597/26 /2016-17 /17.4.2017 | ലാൻഡ് ഡവലപ്മെന്റ് | മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഇല്ല. |
| രാജപ്പൻ, തങ്കമ്മ & അനിൽകുമാർ | നം.എ2-5568/44 /2016-17 /7.10.2016 | ലാൻഡ് ഡവലപ്മെന്റ് | മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഇല്ല. |
| സാജു വി.റ്റി. | നം.എ2-5569/45 /2016-17 /7.10.2016 | ലാൻഡ് ഡവലപ്മെന്റ് | മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഇല്ല. |
| ഡോ.തോമസ് മാർ തിമോത്തിയോസ് | നം.എ2-7432/68 /2016/30.1.2017 | ലാൻഡ് ഡവലപ്മെന്റ് | മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഇല്ല |

.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം അനുമതി വാങ്ങേണ്ട അധികാരസ്ഥാനങ്ങളിൽ നിന്നും ആയത് ലഭിക്കാതെ പെർമിറ്റ് നൽകിയ നടപടി തെറ്റാണ്. ഭാവിയിൽ ഇത് ആവർത്തിക്കാതിരുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ 4 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർവഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. വിശദവിവരം താഴെകൊടുത്തിരിക്കുന്നു.

.

| ക്രമ നം | പ്രവർത്തിയുടെ പേര്. | അടങ്കൽ തുക | ടെണ്ടർ ഫാറവില +വാറ്റ് | ടെണ്ടർ ഫാറവില |
|---|---|---|---|---|
| 1. | വെട്ടിക്കാട്ടുമല കുവക്കാട്ടിൽ താഴം റോഡ് മെറ്റലിംഗ്& ടാറിംഗ് | 540000 | 1155 (2 ടെണ്ടർ) | 2310 |
| 2. | മാറിക കന്നുള്ളംപാറ റോഡ് | 600000 | 1890 (3ടെണ്ടർ) | 5670 |

| | | | | |
|---|---|---|---|---|
| | ഫോർമേഷൻ | | | |
| 3 | മാറിക വൃദ്ധവിശ്രമ കേന്ദ്രം ഭൌതിക സൌകര്യം മെച്ചപ്പെടുത്തൽ | 557359 | 1260 (2 ടെണ്ടർ) | 2520 |
| 4. | ഗവ.ആയുർവ്വേദ ആശുപത്രിയ്ക്ക് കാന്റീൻ നിർമ്മാണം | 698626 | 1260 (3 ടെണ്ടർ) | 3780 |
| | ആകെ | | | 14280 |

ടെണ്ടർ ഫീ ഇനത്തിൽ 14280/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 അക്കൗണ്ട്സ് - അപാകതകൾ

1) ബി-15 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന കെട്ടിടനികുതിഇനത്തിലെ തുകകൾതെറ്റാണ്.കൂടാതെ ലൈബ്രറി സെസ്സായി ചേർത്തിരിക്കുന്ന തുകയും തെറ്റാണ്.

2) ബി-15 ഷെഡ്യൂളിൽ തൊഴിൽ നികുതി തുക കുടിശ്ശിക ബാലൻസ് ചേർത്തിരിക്കുന്നത് 68640 എന്നാണ്.എന്നാൽ യഥാർഥത്തിൽ ഇത് 38700/--രൂപയാണ്.(48120-9420)

3) ബി-18 ഷെഡ്യൂളിൽസാക്ഷരതാ-പ്രേരകിന് നൽകിയ ഹോണറേറിയം തുക 'ടെംപററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ്(460100103) എന്ന ഹെഡിൽ തെറ്റായി ചേർത്തിരിക്കുന്നു.

4) ബി-ഫണ്ട് ഇനത്തിൽ തിരികെ ലഭിച്ച 14800/-രൂപ 280600401-എന്ന ഹെഡിൽ ചേർത്തിട്ടില്ല.

5) ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പ്രൊജക്ടിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച 13570/- രൂപ അക്കൗണ്ട്സിൽ ചേർത്തിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫർണീച്ചർ, ഉപകരണങ്ങൾ വാങ്ങൽ -വിതരണ രേഖകൾ പൂർണ്ണമല്ല

തൻവർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധപ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഫർണിച്ചറിന്റേയും,ഉപകരണങ്ങളുടെയും വിതരണ രേഖകൾ പൂർണ്ണമല്ല.വിശദവിവരം താഴെ ചേർക്കുന്നു.

(1)ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ നം | S0102/17 |
| അടങ്കൽ | 78000/- |
| ചെലവ് | 78000/-ബിൽ നം. -7/16-17 /8.9.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണീച്ചർ വാങ്ങി നല്കുന്നതിനായി "DEEPAM ENTERPRISES" (മാമംഗലം, പൊറ്റക്കുഴി, കൊച്ചി.) എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ബിൽ നം .1155/21.6.2016 പ്രകാരം താഴെ പറയുന്ന ഫർണീച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം. | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1. | ഓഫീസ് ടേബിൾ | 3100 | 13 | 40300 |
| 2. | പ്ലാസ്റ്ററിക്ക് കസേര (armed Nilkamal) | 555 | 26 | 14430 |
| 3. | പ്ലാസ്റ്ററിക്ക് കസേര (armed prima) | 399 | 60 | 23940 |
| | ആകെ | | | 78670 |
| | കിഴിവ് | | | 670 |
| | തുക | | | 78000 |

സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഇവ പൂർണ്ണമായും വിതരണം ചെയ്തതായി കാണുന്നില്ല. വിതരണ വിവരം താഴെ കാണിച്ചിരിക്കുന്നു.

.

| ക്രമ നം. | ഇനം, എണ്ണം | വിതരണം ചെയ്ത വാർഡുകൾ | വിതരണം ചെയ്തതിന്റെഎണ്ണം | ബാലൻസ് |
|---|---|---|---|---|
| 1. | ഓഫീസ് മേശ-13 | 7<br>5<br>6 | 1<br>1<br>1 | 10 |
| 2. | പ്ലാസ്റ്ററിക്ക് കസേര-26 (armed Nilkamal) | 7<br>5<br>6 | 2<br>2<br>4 | 18 |
| 3 | പ്ലാസ്റ്ററിക്ക് കസേര-60 | 7<br>5 | 23<br>13 | 13 |

| | | | | |
|---|---|---|---|---|
| | (armed prima) | 6 | 11 | |

വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/23.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണം നടത്തിയതായി രേഖകൾ ഇല്ലാത്ത ഫർണിച്ചറുകളുടെ ചെലവ് തുക 46177/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2)അങ്കണവാടികൾക്ക് ഫർണീച്ചർ വാങ്ങി നല്കൽ

| | |
|---|---|
| പ്രോജക്ട് നം | S0153/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 123600<br>(ബിൽ നം. -39/17/31.3.2017) |
| അടങ്കൽ | 123777<br>(ലോകബാങ്ക് സഹായം ) |

ടി പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ "EMCESS FURNITURE" എം.സി.റോഡ്, കുത്താട്ടുകുളം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം. | നിരക്ക് | | |
|---|---|---|---|---|
| 1. | സ്റ്റീൽ അലമാര | 8646.29 | 8 | 69170.32 |
| 2. | സ്റ്റീൽ ടേബിൾ | 2794.76 | 8 | 22358.08 |
| 3. | കസേര | 786.03 | 14 | 11004.42 |
| 4. | ബേബി ചെയർ | 174.67 | 31 | 5414.77 |
| | ആകെ | | | 107947.59 |

107947.59

വാറ്റ്@14.5%- 15652.40

123599.99 = 123600 /- രൂപ.

എന്നാൽ ഈ സാധനങ്ങൾ സ്റ്റോക്ക് രജിസ്ററിൽ ചേർത്തിട്ടില്ല.അതുപോലെ ഇവ ഏതൊക്കെ അങ്കണവാടികൾക്ക് വിതരണംചെയ്തുഎന്നോ ആ അങ്കണവാടികൾ സാധനങ്ങൾ കൈപ്പറ്റിയതിനോ രേഖകൾ ഇല്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/17/23.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 123600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(3) പ്രോജക്ടിന്റെ പേര് - പാലനിൽക്കും തടം വനിതാ ബൈൻഡിങ്ങ് യൂണിറ്റ്&ഡി.റ്റി.പി .സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്റ്റ് നം. - S0151/17
ഫണ്ട് - ജനറൽ

അടങ്കൽ - 305000

ചെലവ് - 51500

ബിൽ നം. - 1. 40/16-17/31.3.17 -58900

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ടി പ്രോജക്റ്റ് പ്രകാരം ബൈൻഡിങ്ങ് യൂണിറ്റ് & ഡി.റ്റി.പി. സെന്ററിലേക്ക് താഴെ പറയുന്ന ഉപകരണങ്ങൾ " PRINTEK ENGINEERS" പാണവിള ജംഗ്ഷൻ, തൈക്കാട് പി.ഓ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം. | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1. | പേപ്പർ കട്ടിംഗ് & കട്ടിംഗ് മെഷീൻ | 15500 | 1 | 15500 |
| 2. | പെർഫൊറേറ്റിങ്ങ് മെഷീൻ | 10000 | 1 | 10000 |
| 3. | ഹോട്ട് പ്രസ്സ് | 20000 | 1 | 20000 |
| 4. | ഹാൻഡ് നംപറിങ്ങ് മെഷീൻ | 1500 | 4 | 6000 |

എന്നാൽ ഇവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി രേഖകൾ ഇല്ല. വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/23.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 51500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് -അപാകതകൾ

പ്രോജക്റ്റ് നം. - S0028/17

ഫണ്ട് - എസ്.സി.പി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ചെലവ് വിവരം:-

1.ബിൽ നം. - 12/16-17/31.3.2017 - 139000/-

2. ബിൽ നം. -1/17-18/31.7.17 - 20182/-

3. ഗുണഭോക്തൃവിഹിതം – 53100/-

സ്വന്തമായി വാട്ടർ ടാങ്ക് ഇല്ലാത്ത118 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കുന്ന പ്രോജക്ട് ആണ് ഇത്.

ടെണ്ടർ നടപടികൾ പ്രകാരം "ASIATIC TRADING” CO. COCHI എന്ന് സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 118 വാട്ടർ ടാങ്കുകൾ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്.എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 80 പേർ മാത്രമാണ് വാട്ടർ ടാങ്കുകൾ കൈപ്പറ്റിയതായി കണ്ടത്. വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17/25.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-3 മരുന്ന് മുഴുവനും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | S003/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയൂർവേദം |
| അടങ്കൽ | 3,50,000/-രൂപ |
| ചെലവ് | 2,15,334/-രൂപ |

മുകളിൽ വിശദമാക്കിയിരിക്കുന്ന പ്രോജക്ടിന് 3,50,000/- രൂപ ബിൽ നം 1/2016-17 /തിയതി 29.12.16 പ്രകാരം ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 28.02.17 ന് 100441/-യുടെ മരുന്നുകളും 31.03.17 ന് 114893/- രൂപയുടെ മരുന്നുകളും ആണ് ലഭിച്ചിട്ടുള്ളത്. 1,34,666/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ആയവ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് മുഴുവൻ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ടി- തുക തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2016-17 | ബ്ലോക്ക് പഞ്ചായത്ത് | 300000 | സമ്പൂർണ്ണ ശൌചാലയ പദ്ധതി | 26200 | 273800 |
| | | 80000 | ക്ഷീരസംഘങ്ങൾക്ക് സബ്സിഡി | 80000 | - |
| | | 13570 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | - | 13570 |
| | | 60000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | - | 60000 |
| | ജില്ലാ പഞ്ചായത്ത് | 15000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 15000 | - |
| | | 47361 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | - | 47361 |
| | | 60000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | - | 60000 |

.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2016-17 | വാട്ടർ അതോറിട്ടി | മാറിക മഞ്ചാടി റോഡ്, മാരാങ്കണ്ടം ചെള്ളല് ഭാഗം, മാറിക കാർമ്മൽ റോഡ് | 21601286 | 119700 | 0 | 119700 |

| | | | | | | |
|---|---|---|---|---|---|---|
| | | എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS ഭവന നിർമ്മാണം | സ.ഉ.(സാധ) 564/10/ ത.സ്വ.ഭ.വ/ 22.2.2010 | 60,00,000/- | 11,03,204 | - | 11,03,204 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6000/- -രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 3000 | സജീവ് മാത്യു | 11603102936/22.2.2017 |
| | | 3000 | ടോം ജോർജ് കീപ്പാറയിൽ | 11603103214/14.3.2017 |
| ആകെ | | 6000 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടി മാറ്റി പുതിയത് നട്ടുന്നത്- അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016-ൽ ജില്ലാ തല മോണിട്ടറിംഗ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.മറുപടി ലഭിച്ചില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32015473 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30514282 |
| വരവിനങ്ങളിലുള്ള നഷ്ടം | 1320 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 355943 |

.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1320 | എം.വി.അജയകുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 3-1 | 221277 | എം.വി.അജയകുമാർ, സെക്രട്ടറി |
| 3-3 | 134666 | ഡോ.ജോമി ജോസഫ് ആയുർവേദ മെഡിക്കൽ ഓഫീസർ |
| ആകെ | 355943 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.വി.അജയകുമാർ, സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കുട | മേച്ചേരിൽ, കൂത്താട്ടുകുളം പി.ഒ. |

.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ (പി2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി2)1629/01/19.03.2002 |
| 1999-00 | എൽ.എഫ്.ഇ (പി2)242/03/16.06.2003 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ (പി2)1488/03/31.03.2004 |
| 2001-02 | എൽ.എഫ്.ഇ (പി2)439/2005/03.08.2005 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ഇ പി1)1572/08/6.10.2009 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ ((പി9)169/12/24.8.2012 |
| 2008-09 | |
| 2009-10 | |
| 2010-11 | |
| 2011-12 | എൽ.എഫ്.ഇ (പി2)പി9)1587/14/5.11.2014/11.12.2014 |
| 2012-13 | എൽ.എഫ്.ഇ (പി2)(പി9)907/15/ 8.6.15 |
| 2013-14 | |
| 2014-15 | കെ.എസ്എ - ഇ കെ എം (പി9)1304/16/ 29.07.2016 |
| 2015-16 | കെ.എസ്എ - ഇ കെ എം (പി9)2228/16/30.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1

നം. കെ.എസ്.എ -ഇ.കെ.എം(പി.9) 1883/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്
ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
പിൻ – 682030
ഫോൺ 0484-2422271
ഇ മെയിൽ – doekm.ksad@kerala.gov.in

തീയതി: 24/10/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-5 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX 1

No. KSA-EKM(P9)1883/2017

Kerala State Audit Department,
District Audit
Office, Ernakulam.
Civil Station, Kakkanadu
Pin – 682030
E-Mail : doekm.ksad@kerala.gov.in

Date: 24/10/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Palakkuzha Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Palakkuzha Gramapanchayat for the year 2016-17 except the observations in para 2-5 of my audit report properly presents the picture of income and expenditure.

.

Deputy Director